**യേശു: പ്രവാചകനും ദൂതനും**

ജൂതായിസത്തിൽ മിശിഹ എന്ന നിലക്ക് യേശു അംഗീകരിക്കപ്പെട്ടില്ല. ഇതാകട്ടെ യേശുവിനെ ദൈവമോ ദൈവ പുത്രനോ ആയി ആരാധിക്കുന്ന ക്രൈസ്തവതയുമായി തികഞ്ഞ വൈരുധ്യം പുലർത്തുകയും ചെയ്യുന്നു. ഇസ്‌ലാം യേശുവെ ആദരണീയനായ ദൈവദൂതനും പ്രവാചകനും മസീഹുമായി അംഗീകരിച്ചുകൊണ്ട് ഒരു മധ്യമനിലപാടിലാണ് ഉള്ളത്. അദ്ദേഹം ദൈവവുമല്ല ത്രിത്വത്തിന്റെ ഭാഗവും അല്ല.

"അവൻ (കുട്ടി) പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. അവൻ എനിക്ക് വേദഗ്രന്ഥം നൽകുകയും എന്നെ അവൻ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു." (ക്വുർആൻ 19:30)

മറ്റെല്ലാ ദൈവിക പ്രവാചകരെയും പരിഗണിക്കു ന്നതു പോലെ സ്നേഹാദരണീയനായിക്കൊണ്ട് മുസ്‌ലിംകൾ യേശുവെ കാണുന്നു. അദ്ദേഹത്തെയോ ഇസ്‌ലാമിലെ പ്രവാചകരായ മോശ, അബ്രഹാം, മുഹമ്മദ്ﷺ തുടങ്ങിയ ഏതെങ്കിലും പ്രവാചകനെയോ അവിശ്വസിച്ചാൽ അയാൾ ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറത്തു പോകുന്നതാണ്. ആരാധ്യൻ ദൈവം മാത്രമായിരിക്കെ പ്രവാചകർ ആരാധിക്കപ്പെടാവതല്ല. അവരും മറ്റ് നിലവിലുള്ള സകലതും ദൈവസൃഷ്ടികൾ മാത്രമാണ്.

**യേശു ദൈവമോ?**

യേശു ദൈവവും, ദൈവത്തിന്റെ ഏകജാത പുത്രനും ആണെന്നുള്ള സങ്കൽപങ്ങളെല്ലാം പഴയ നിയമത്തിനും ക്വുർആനിനും പുതിയ നിയമത്തിലെ ഒട്ടേറെ വചനങ്ങൾക്കും വിരുദ്ധമാണ്.

വിവിധ ക്വുർആനിക വചനങ്ങൾ വ്യക്തമാക്കുന്നതുപോലെ യേശു ദൈവമോ, ദൈവപുത്രനോ അല്ല. സന്താനങ്ങളുണ്ടാകുക എന്നത് ദൈവിക മഹത്ത്വത്തിന് ഇണങ്ങുന്ന ആശയവുമല്ല. ദൈവത്തിന് സന്താനമുണ്ട് എന്ന വാദം ദൈവത്തിൽ മനുഷ്യഗുണങ്ങളും പരിമിതികളും ആരോപിക്കലാണ്. അത്തരം വികലതകളിൽ നിന്നുമെല്ലാം തീർത്തും മുക്തനാണ് ദൈവം.

"മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല എന്നാണ്." (ക്വുർആൻ 5:72)

ഓരോ ക്രൈസ്തവ വിശ്വാസിയും സ്വയം ചോദിക്കേണ്ട കാര്യമാണ് ഒരുവേള നിസ്സഹായനായ കുഞ്ഞായി, ഭക്ഷണവും വെള്ളവും ഉറക്കവും കൂടാതെ ജീവിക്കാൻ കഴിയാത്തവനായിരിക്കുകയും ചെയ്യുന്ന ദൈവം തന്നെയാകുമോ പഴയ നിയമം പഠിപ്പിക്കുന്ന സർവശക്തനും മഹത്ത്വമുടയവനുമായ ദൈവം? നിശ്ചയമായും അല്ല!

"ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന്നുണ്ടാകാവുന്നതല്ല. അവൻ എത്ര പരിശുദ്ധൻ!" (ക്വുർആൻ 19:35)

"വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അത് കൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നൻമയ്ക്കായി നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി." (ക്വുർആൻ 4:171)

ഈ മൗഢ്യത്തിൽ തുടരുന്നവരോടായി ദൈവം പറയുന്നു: "അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാണ്. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും." (ക്വുർആൻ 5:73)

**മറിയം– യേശുമാതാവ്**

ഇസ്‌ലാമിക ഭൂമികയിൽ പരിശുദ്ധ കന്യകയായ മറിയം ഉന്നത അവസ്ഥയുള്ള വ്യക്തിത്വമാണ്. ഒരു ക്വുർആനിക അധ്യായം അവരുടെ പേരിലാണ് ഉള്ളത്. അല്ലാഹു പറയുന്നു

"മലക്കുകൾ പറഞ്ഞ സന്ദർഭവും (ശ്രദ്ധിക്കുക) മർയമേ, തീർച്ചയായും അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുക്കുകയും, നിനക്ക് പരിശുദ്ധി നൽകുകയും, ലോകത്തുള്ള സ്ത്രീകളിൽ വെച്ച് ഉൽകൃഷ്ടയായി നിന്നെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു." (3:42)

പ്രവാചകൻ മുഹമ്മദ് അവരുടെ ഔന്നത്യം സ്മരിക്കുന്നു: ''ലോക സ്ത്രീകളിൽ ഏറ്റവും ഉന്നത മറിയം ആയിരുന്നു.(അവരുടെ ജീവിത കാലമത്രയും).

**യേശുവിന്റെ ജനനം**

പിതാവില്ലാതെ പിറക്കാൻ പോകുന്ന ഒരു സന്താനത്തെ ക്കുറിച്ച് സദ്‌വാർത്ത അറിയിച്ചുകൊണ്ട് മനുഷ്യ രൂപത്തിൽ മറിയമിലേക്ക് ഗബ്രിയേൽ (ജിബ്‌രീൽ) എന്ന മാലാഖയെ അയക്കുകയുണ്ടായി.

"എന്നിട്ട് അവർ കാണാതിരിക്കാൻ അവൾ ഒരു മറയുണ്ടാക്കി. അപ്പോൾ നമ്മുടെ ആത്മാവിനെ(ജിബ്‌രീലിനെ) നാം അവളുടെ അടുത്തേക്ക് നിയോഗിച്ചു. അങ്ങനെ അദ്ദേഹം അവളുടെ മുമ്പിൽ തികഞ്ഞ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. അവൾ പറഞ്ഞു: തീർച്ചയായും നിന്നിൽ നിന്ന് ഞാൻ പരമകാരുണികനിൽ ശരണം പ്രാപിക്കുന്നു. നീ ധർമ്മനിഷ്ഠയുള്ളവനാണെങ്കിൽ (എന്നെ വിട്ട് മാറിപ്പോകൂ) അദ്ദേഹം (ജിബ്‌രീൽ) പറഞ്ഞു: പരിശുദ്ധനായ ഒരു ആൺകുട്ടിയെ നിനക്ക് ദാനം ചെയ്യുന്നതിന് വേണ്ടി നിന്റെ രക്ഷിതാവ് അയച്ച ദൂതൻ മാത്രമാകുന്നു ഞാൻ. അവൾ പറഞ്ഞു: എനിക്കെങ്ങനെ ഒരു ആൺകുട്ടിയുണ്ടാകും? യാതൊരു മനുഷ്യനും എന്നെ സ്പർശിച്ചിട്ടില്ല. ഞാൻ ഒരു ദുർനടപടിക്കാരിയായിട്ടുമില്ല. അദ്ദേഹം പറഞ്ഞു: (കാര്യം) അങ്ങനെതന്നെയാകുന്നു. അത് തന്നെ സംബന്ധിച്ചിടത്തോളം നിസ്സാരമായ ഒരു കാര്യമാണെന്ന് നിന്റെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു. അവനെ(ആ കുട്ടിയെ) മനുഷ്യർക്കൊരു ദൃഷ്ടാന്തവും, നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യവും ആക്കാനും (നാം ഉദ്ദേശിക്കുന്നു) അത് തീരുമാനിക്കപ്പെട്ട ഒരു കാര്യമാകുന്നു." (ക്വുർആൻ 19:17 – 21)

ഈ അത്ഭുത ജനനം യേശുവിന്റെ ദൈവികതക്കുള്ള തെളിവായി ചിലർ പരിഗണിക്കുന്നു. എന്നാൽ യേശു മാത്രമല്ല പിതാവില്ലാതെ ജനിച്ച അത്ഭുത ശിശു. അദ്ദേഹത്തിന് മുൻപ് പിറന്ന ആദംعليه السلامന് പിതാവോ മാതാവോ ഉണ്ടായിരുന്നില്ല. ദൈവം പറയുന്നു:

''അല്ലാഹുവെ സംബന്ധിച്ചിടത്തോളം ഈസായെ ഉപമിക്കാവുന്നത് ആദമിനോടാകുന്നു. അവനെ(അവന്റെ രൂപം) മണ്ണിൽ നിന്നും അവൻ സൃഷ്ടിച്ചു. പിന്നീട് അതിനോട് ഉണ്ടാകൂ എന്ന് പറഞ്ഞപ്പോൾ അവൻ (ആദം) അതാ ഉണ്ടാകുന്നു. സത്യം നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. ആകയാൽ നീ സംശയാലുക്കളിൽ പെട്ടുപോകരുത്." (ക്വുർആൻ 3:59 – 60)

പിതാവില്ലാതെ പിറന്നു എന്നതാണ് യേശു ആരാധിക്കപ്പെടാനുള്ള കാരണമെങ്കിൽ തീർച്ചയായും അദ്ദേഹത്തെക്കാൾ കൂടുതലായി ആരാധിക്കപ്പെടേണ്ടത് മാതാപിതാക്കളില്ലാതെ പിറന്ന ആദംعليه السلام തന്നെയാണ്.

**എന്തായിരുന്നു യേശുവിന്റെ സുവിശേഷം?**

ഏകസത്യദൈവത്തിൽ വിശ്വസിക്കുക എന്ന മുൻകഴിഞ്ഞ പ്രവാചകരുടെ സുവിശേഷത്തെ സത്യപ്പെടുത്തിക്കൊണ്ട് ഇസ്രയേൽ സന്തതികളിലേക്ക് യേശു നിയോഗിതനായി. അല്ലാഹു അദ്ദേഹത്തിന് മുൻവേദങ്ങൾ പഠിപ്പിച്ചു. അല്ലാഹു പറയുന്നു:

"അവന് (ഈസാക്ക്) അല്ലാഹു ഗ്രന്ഥവും ജ്ഞാനവും തൗറാത്തും ഇൻജീലും പഠിപ്പിക്കുകയും ചെയ്യും." (ക്വുർആൻ 3:48),

"വ്യക്തമായ തെളിവുകളും കൊണ്ട് ഈസാ വന്നിട്ട് ഇപ്രകാരം പറഞ്ഞു: തീർച്ചയായും വിജ്ഞാനവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. നിങ്ങൾ അഭിപ്രായഭിന്നത പുലർത്തികൊണ്ടിരിക്കുന്ന കാര്യങ്ങളിൽ ചിലത് ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാൻ വേണ്ടിയും. ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. തീർച്ചയായും അല്ലാഹു തന്നെയാകുന്നു എന്റെ രക്ഷിതാവും, നിങ്ങളുടെ രക്ഷിതാവും. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ പാത."(ക്വുർആൻ 43:63 – 64)

സത്യസന്ധനും അനുസരണശീലനുമായ പ്രവാചകൻ എന്ന നിലക്ക് യേശു സ്വന്തത്തെ ദൈവ കൽപനകൾക്ക് സമർപ്പിച്ചു. അദ്ദേഹം ഒരു മുസ്‌ലിമായിരുന്നു- ദൈവിക ശാസനകൾക്ക് സ്വയം കീഴൊതുങ്ങിയ മനുഷ്യൻ.

**യേശുവിന്റെ അത്ഭുത പ്രവൃത്തികൾ**

ദൈവത്തിന്റെ തീരുമാനവും അനുവാദവും നിമിത്തം യേശു

വലിയ അത്ഭുതപ്രവൃത്തികൾ കാണിക്കുകയുണ്ടായി. പിതാവില്ലാതെ ഗർഭസ്ഥശിശുവായി എന്നത് അദ്ദേഹത്തിന്റെ മഹത്തായ അത്ഭുതങ്ങളിൽ ഒന്നാണ്. തന്റെ മാതാവിൽ വ്യഭിചാരം ആരോപിച്ച ഇസ്രയേൽ മക്കളോട് തൊട്ടിലിൽ കിടന്നുകൊണ്ട് അദ്ദേഹം പ്രതിരോധിച്ചു.

"തൊട്ടിലിലായിരിക്കുമ്പോഴും മദ്ധ്യവയസ്കനായിരിക്കുമ്പോഴും അവൻ ജനങ്ങളോട് സംസാരിക്കുന്നതാണ്. അവൻ സദ്വൃത്തരിൽ പെട്ടവനുമായിരിക്കും." (ക്വുർആൻ 3:46)

ദൈവ സഹായത്താൽ മരിച്ചവന് ജീവൻ നൽകുകയും, കുഷ്ഠ രോഗിയെ സുഖപ്പെടുത്തുകയും അന്ധന് കാഴ്ച നൽകുകയും ചെയ്തു അദ്ദേഹം.

"ഇസ്രായീൽ സന്തതികളിലേക്ക് (അവനെ) ദൂതനായി നിയോഗിക്കുകയും ചെയ്യും. അവൻ അവരോട് പറയും:) നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ദൃഷ്ടാന്തവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. പക്ഷിയുടെ ആകൃതിയിൽ ഒരു കളിമൺ രൂപം നിങ്ങൾക്കു വേണ്ടി ഞാൻ ഉണ്ടാക്കുകയും, എന്നിട്ട് ഞാനതിൽ ഊതുമ്പോൾ അല്ലാഹുവിന്റെ അനുവാദപ്രകാരം അതൊരു പക്ഷിയായി തീരുകയും ചെയ്യും. അല്ലാഹുവിന്റെ അനുവാദപ്രകാരം ജൻമനാ കാഴ്ചയില്ലാത്തവനെയും പാണ്ഡുരോഗിയെയും ഞാൻ സുഖപ്പെടുത്തുകയും, മരിച്ചവരെ ഞാൻ ജീവിപ്പിക്കുകയും ചെയ്യും. നിങ്ങൾ തിന്നുന്നതിനെപ്പറ്റിയും, നിങ്ങൾ നിങ്ങളുടെ വീടുകളിൽ സൂക്ഷിച്ചു വെക്കുന്നതിനെപ്പറ്റിയും ഞാൻ നിങ്ങൾക്ക് പറഞ്ഞറിയിച്ചു തരികയും ചെയ്യും. തീർച്ചയായും അതിൽ നിങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്; നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ." (ക്വുർആൻ 3:49)

യേശു അത്ഭുത പ്രവൃത്തികൾ കാണിച്ചു എന്നതുകൊണ്ട് അദ്ദേഹം വിനീതനായ ഒരു ദൈവ ദാസനെക്കാൾ, പ്രവാചകനെക്കാൾ മഹോന്നതനാകുന്നില്ല. സത്യത്തിൽ, പ്രവാചകത്വത്തിന്റെ ആധികാരികതക്കുള്ള തെളിവെന്നോണം ദൈവ നിശ്ചയത്താൽ നോഹയും മോശയും മുഹമ്മദ് നബി(സ)യും ഒട്ടേറെ പ്രവാചകന്മാരും അത്ഭുതങ്ങൾ പ്രവർത്തിച്ചവരാണ്.

**ക്രൂശീകരണം: സത്യമോ കഥനമോ?**

ഇസ്‌ലാമിക ആദർശമനുസരിച്ച് യേശു ക്രൂശിക്കപ്പെട്ടിട്ടില്ല. അദ്ദേഹം സ്വർഗലോകത്തേക്ക് ഉയർത്തപ്പെടുകയാണുണ്ടായത്. ഇക്കാര്യം വ്യക്തമാക്കുന്ന ഖുർആനിക വചനങ്ങൾ കാണുക:

"അല്ലാഹുവിന്റെ ദൂതനായ, മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു) വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷെ (യാഥാർഥ്യം) അവർക്ക് തിരിച്ചറിയാതാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ (ഈസായുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രെ ചെയ്തത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു."(ക്വുർആൻ 4:157 - 158)

**യേശുവിന്റെ തിരിച്ചുവരവ്**

വിചാരണ ദിനത്തിന് മുൻപായി യേശു ഭൂമിയിലേക്ക് തിരികെ വരുമെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. ദൈവം പറയുന്നു:

"തീർച്ചയായും അദ്ദേഹം അന്ത്യസമയത്തിന്നുള്ള ഒരു അറിയിപ്പാകുന്നു. അതിനാൽ അതിനെ(അന്ത്യസമയത്തെ)പ്പറ്റി നിങ്ങൾ സംശയിച്ചു പോകരുത്. എന്നെ നിങ്ങൾ പിന്തുടരുക. ഇതാകുന്നു നേരായ പാത."(ക്വുർആൻ 43:61)

അദ്ദേഹം ദൈവത്തിന് സ്വന്തത്തെ സമർപ്പിച്ചവനായി - മുസ്‌ലിമായി - കടന്നുവരികയും അദ്ദേഹത്തെ പ്രവാചകനും ഏക സത്യദൈവ ദാസനും ആയി അംഗീകരിക്കാത്തവരെ തിരസ്കരിച്ചുകൊണ്ട് മറ്റുള്ളവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്യും. യേശു പിറന്നതുപോലെ തിരിച്ചുവരുന്നതും മരണമടയുന്നതും മുസ്‌ലിമായിക്കൊണ്ടായിരിക്കും.

**ഉപസംഹാരം**

മുസ്‌ലിംകൾ ഇതര ദൈവിക പ്രവാചകരെ പോലെയാണ് യേശുവിനെയും കാണുന്നത്. അവർ അദ്ദേഹത്തെ ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. അദ്ദേഹം മറ്റുള്ള സകലരെയും പോലെ ദൈവിക സൃഷ്ടി ആണെന്നതിനാലും ആരാധന സ്രഷ്ടാവിന് മാത്രമേ അർപ്പിക്കാവൂ എന്നതിനാലും മുസ്‌ലിംകൾ അദ്ദേഹത്തെ ആരാധിക്കുന്നില്ല. യേശു ദൈവമോ ദൈവ പുത്രനോ മൂന്ന് ആളത്തങ്ങൾ ഒന്നായവനോ അല്ല.

വേദക്കാരെ (ജൂത ക്രൈസ്തവർ) പരസ്പരം യോജിക്കാവുന്ന സത്യത്തിലേക്ക് ക്ഷണിക്കാനും പരസ്പരം മനസ്സിലാക്കുന്നവരാകുവാനും ദൈവം മുസ്‌ലിംകളോട് കൽപിച്ചിരിക്കുന്നു

"(നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്വത്തിലേക്ക്). എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം നിങ്ങൾ പറയുക: ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചു കൊള്ളുക." (ക്വുർആൻ 3:64)


**കൂടുതൽ പഠിക്കാൻ**

**NICHE OF TRUTH**

P.B. No: 832, Poothole, Thrissur-4,
Kerala, India. Tel: 9746547777

----------------------------

Mathilakath Apartment, Near Municipal Stadium
Thazhepalam, Tirur-7, Tel: 9400431572
Email: dawa@nicheoftruth.org



Tirur Offset Printers 04942427007


# ?

# യേശു
# യാഥാർഥ്യമെന്ത്?

**ശുദ്ധ ഏകദൈവാരാധനയുടെ മതമാണ് ഇസ്‌ലാം. അറബിയിൽ അല്ലാഹു എന്ന് വിളിക്കുന്ന ഏക സത്യ ദൈവത്തെ മാത്രമെ ആരാധിക്കാവൂ എന്ന് പഠിപ്പിക്കുന്ന മതം. അനേകം മഹാപ്രവാചകരുടെ കൂടി മതമാണ് ഇസ്‌ലാം. അവരിൽ ഒരു പ്രവാചകനാണ് ഓരോ വീട്ടിലും അറിയപ്പെടുന്ന യേശു. രണ്ട് പ്രധാനമത വിശ്വാസങ്ങളിൽ (ഇസ്‌ലാമും ക്രൈസ്തവതയും) ഏറെ ആദരിക്കപ്പെടുന്ന വ്യക്തിത്വം. യേശുവിന് ഇസ്‌ലാമുമായി എന്ത് ബന്ധമാണുള്ളത്?**

**NICHE OF TRUTH**